# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *51 — 29.05.2019 ൽ മറുപടിക്ക്

## ഖാദി മേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഖാദി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ ഖാദി മേഖലയിലെ പ്രശ്നങ്ങൾ എന്തൊക്കെയെന്ന് വിശദമായി പരിശോധിച്ചിട്ടുണ്ട്. കൈകൊണ്ട് ചർക്കയിൽ നൂൽ നൂറ്റ് കൈത്തറിയിൽ നെയ്ത് തെടുക്കുന്ന വസ്ത്രമാണ് ഖാദി. ഖാദിയിൽ വൈദ്യുതിയോ യന്ത്രങ്ങളോ ഉപയോഗിക്കുന്നില്ല. അതുകൊണ്ട് തന്നെ മറ്റ് വസ്ത്ര ഉൽപ്പാദന മേഖലകളെപ്പോലെ വൻതോതിൽ ഉൽപ്പാദനം നടത്താനോ തൊഴിലാളികൾക്ക് ഉയർന്ന വേതനം ലഭ്യമാക്കാനോ കഴിയില്ല. ഖാദി മേഖല നേരിടുന്ന പ്രധാന പ്രശ്നം ആവശ്യത്തിന് ഖാദി ഉല്പാദനം നടത്താൻ കഴിയാത്തതും തൊഴിലാളികൾക്ക് മികച്ച വേതനം ലഭ്യമാക്കാൻ കഴിയാത്തതുമാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വരുമാന പൂരക പദ്ധതി പ്രകാരം തുക ഉപയോഗപ്പെടുത്തി ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>ഖാദിയുടെ വില്പന വർദ്ധിപ്പിച്ചുകൊണ്ടാണ് ഖാദി മേഖലയിലെ പ്രശ്നങ്ങൾ നേരിടേണ്ടത്. യഥാസമയങ്ങളിൽ സർക്കാർ അനുവദിക്കുന്ന റിബേറ്റ് ഉപയോഗപ്പെടുത്തി ഖാദിയുടെ വിൽപ്പന വർദ്ധിപ്പിച്ച് ഖാദി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഒരു പരിധിവരെ സാധിക്കും. |

(ബി) ഈ മേഖലയിലെ ഉല്പാദനക്ഷമതയും ഉല്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ ചർക്കകളും തറികളും സ്ഥാപിക്കുകയും ചർക്കകളുടേയും തറികളുടേയും പരിഷ്കരണം നടത്തുകയും, ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉൽപാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കുകയും, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി നടപ്പിലാക്കുകയും തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഖാദി മേഖലയിലെ തൊഴിലാളികൾക്ക് തുച്ഛമായ പ്രതിഫലം മാത്രം ലഭിക്കുന്ന സ്ഥിതി പരിഹരിക്കാനായി മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ ആരംഭിക്കുകയും, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയതും (നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 പൈസയും), ഈ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകി വരികയും ചെയ്യുന്നുണ്ട്. കേരളത്തിലെ ഖാദി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകരമായ വിധത്തിൽ 10% സ്പെഷ്യൽ റിബേറ്റ് സമ്പ്രദായം കേരളത്തിലെ ഖാദി ഉത്പന്നങ്ങൾക്കു മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) പരമ്പരാഗത ചർക്കകളുടെയും തറികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം വികസന പ്രവർത്തനങ്ങളും ഗവേഷണങ്ങളുമാണ് നടത്തി വരുന്നത്;

(സി) പരമ്പാരഗത ചർക്കകളുടെയും തറികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രത്യേകം ഗവേഷണങ്ങൾ നടത്തുന്നുണ്ട്. ചെന്നൈ IIT യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റുട്ടാഗ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട്

ഗവേഷണപദ്ധതികൾ നടത്തിവരുന്നുണ്ട്. ഉല്പാദനക്ഷമത കൂടിയ ചർക്കകളും തറികളും സ്ഥാപിച്ചു വരുന്നു.

(ഡി) ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭ്യമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(ഡി) ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനുവേണ്ടി അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാനസൗകര്യങ്ങൾ (മേശ, സ്റ്റൂൾ, ടോയ് ലെറ്റ് ) ഏർപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ സഹായത്തോടെ തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും, ഉൽപ്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയിട്ടുമുണ്ട് (നൂൽപ്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 പൈസയും) ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, ഗ്രൂപ്പ് ഇൻഷ്വറൻസ്, എം.ഡി.എ. ഇൻസെന്റീവ്, ഹോളിഡേ വേജസ്, 20 പ്രവർത്തി ദിവസങ്ങൾക്ക് ഒന്ന് എന്ന നിലയിൽ ലീവ് വേജസ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഖാദി ബോർഡിലും ഖാദി കമ്മീഷനിലും രജിസ്റ്റർ ചെയ്ത് ഖാദി വ്യവസായം നടത്തുന്ന ഖാദി സംഘങ്ങളുടേയും സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങളും കൂലിയും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് തൊഴിലുപകരണങ്ങൾ, വർക്ക് ഷെഡ് എന്നിവ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനും സഹായം ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ